**QP CODE**
**A3008**

**Enrollment Number: ………………**

**Name: ………………………………**

# M.A. DEGREE EXAMINATIONS, DECEMBER 2024
## Fourth Semester
## M.A. Malayalam Language and Literature
## M21ML06DE – നാരായണഗുരുപഠനം
## (2022 admissions)

**Time: 3 Hours** **Max Marks: 70**

## സെക്ഷൻ എ

**ഏതെങ്കിലും അഞ്ചു ചോദ്യത്തിന് അരപ്പുറത്തിൽ ഉത്തരമെഴുതുക. രണ്ടു മാർക്ക് വീതം.**

1. കേരളത്തിന്റെ സാമൂഹികപരിഷ്കരണ രംഗങ്ങളിൽ ശ്രീനാരായണ ഗുരുവിന്റെ പ്രാധാന്യം വിശദമാക്കുക.
2. ബി. രാജീവിന്റെ അഭിപ്രായത്തിൽ കേരളത്തിലെ ആധുനികത എന്ന് വിളിക്കുന്നത് ഏത് കാലയളവിനെയാണ്?
3. ശുചിത്വത്തിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള നാരായണഗുരുവിന്റെ ദർശനങ്ങൾ വിവരിക്കുക.
4. സമൂഹത്തിലെ ഓരോ കാര്യത്തിലും ക്രിയാത്മകമായി ഇടപെട്ടുകൊണ്ട് നാരായണഗുരു സമൂഹരൂപീകരണത്തിൽ ശ്രദ്ധ ചെലുത്തിയതെങ്ങനെയെന്ന് വിശദമാക്കുക?
5. ‘ജാതിനിർണയം’ എന്ന നാരായണഗുരുകൃതിയെ പരിചയപ്പെടുത്തുക.
6. "ഒളിമുതലാം പഴമഞ്ചുമുണ്ടുനാറും
   നളികയിലേറി, നയേന മാറിയാടും
   കിളികളെയഞ്ചുമരിഞ്ഞു കീഴ് മറിക്കും
   വെളിവുരുവേന്തിയകം വിളങ്ങിടേണം"ഈ ശ്ലോകത്തിന്റെ അർത്ഥമെഴുതി ആശയം വിശദീകരിക്കുക.
7. നാരായണഗുരു തന്റെ മതദർശനത്തെക്കുറിച്ച് സി. വി. കുഞ്ഞിരാമനോട് പങ്കുവച്ച ആശയങ്ങൾ വിവരിക്കുക.
8. നാരായണഗുരു കേരളീയമായ അഗാധസംസ്കാരത്തിന്റെ കണ്ണാടിയാണ് എന്ന് കെ. പി. അപ്പൻ പറയാൻ കാരണമെന്ത്?

**(2X5=10)**

## സെക്ഷൻ ബി

**ഏതെങ്കിലും ആറു ചോദ്യത്തിന് ഒരു പുറത്തിൽ ഉത്തരമെഴുതുക. അഞ്ചു മാർക്ക് വീതം**

9. നാരായണ ഗുരുവിനു മുമ്പുള്ള കേരളത്തിന്റെ സാമൂഹികാവസ്ഥ വിവരിക്കുക.
10. നാരായണഗുരുവിന്റെ ജാതിവിരുദ്ധപ്രവർത്തനങ്ങൾ വിവരിക്കുക.
11. കുമാരാനാശാന്റെ ജീവിതത്തിൽ നാരായണഗുരു ചെലുത്തിയ സ്വാധീനമെന്തെന്ന് വിവരിക്കുക?

12. നാരായണഗുരുപഠനത്തിൽ നിലവിലിരുന്ന വ്യവസ്ഥാപിതമായ പഠനരീതിയെ പി. കെ . ബാലകൃഷ്ണൻ പാടെ നിരാകരിക്കുന്നതെങ്ങനെയെന്ന് 'നാരായണഗുരു ഒരു പഠനം' എന്ന ലേഖനത്തെ ആധാരമാക്കി വിവരിക്കുക.
13. " അവനിവനെന്നറിയുന്നതൊക്കെയോർത്താ -
    ലവനിയിലാദിമമായൊരാത്മരൂപം
    അവനവനാത്മസുഖത്തിനാചരിക്കു-
    ന്നവയപരന് സുഖത്തിനായി വരേണം"
    ആത്മത്തെയും അപരനെയും കുറിച്ചുള്ള ഗുരുദർശനം ഈ വരികളിൽ എപ്രകാരം പ്രതിഫലിക്കുന്നു എന്ന് വിശദീകരിക്കുക.
14. "നരജാതിയിൽ നിന്നത്രേ
    പിറന്നീടുന്നു വിപ്രനും
    പറയൻ താനു, മെന്തുള്ള -
    തന്തരം നരജാതിയിൽ" - ആശയം വിശദമാക്കുക.
15. നാരായണ ഗുരുവിന്റെ കൃതികളിൽ കാണുന്ന ശൈവസിദ്ധാന്തസ്വാധീനം പരിശോധിക്കുക.
16. ശ്രീനാരായണഗുരുവിന്റെ കൃതികളുടെ സവിശേഷതകളെക്കുറിച്ച് ശ്രീ. ഉദയകുമാർ തന്റെ ലേഖനത്തിൽ പ്രതിപാദിക്കുന്ന പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ വിവരിക്കുക.
17. "ശ്രീബുദ്ധന്റെ ജീവിതവും ദർശനവും നാരായണ ഗുരുവിനെ ആഴത്തിൽ സ്വാധീനിച്ചിരുന്നു" ഈ പ്രസ്താവനയുടെ സാധുത പരിശോധിക്കുക.
18. 1859 ൽ തെക്കൻ തിരുവിതാംകൂറിൽ നടന്ന ചാന്നാർ ലഹളയുടെ ചരിത്രപശ്ചാത്തലമെന്തെന്ന് വിശദീകരിക്കുക.

**(5X6=30)**

## സെക്ഷൻ സി

**ഏതെങ്കിലും രണ്ടു ചോദ്യത്തിന് മൂന്നു പുറത്തിൽ ഉത്തരമെഴുതുക. പതിനഞ്ചു മാർക്ക് വീതം.**

19. ബൗദ്ധസന്യാസദർശനത്തിന്റെ സ്വാധീനം നാരായണഗുരുവിൽ പ്രവർത്തിക്കുന്നതെങ്ങനെയെന്നാണ് രതിവിരതികളുടെ സാമൂഹിക പശ്ചാത്തലം എന്ന തന്റെ ലേഖനത്തിൽ പി. പവിത്രൻ നിരീക്ഷിക്കുന്നത്? വിവരിക്കുക.
20. നാരായണ ഗുരുവിന്റെ കാവ്യലോകത്തെയും കാവ്യസങ്കല്പങ്ങളെയും കുറിച്ചുള്ള വിഷ്ണു നാരായണൻ നമ്പൂതിരിയുടെ നിരീക്ഷണങ്ങൾ വിവരിക്കുക.
21. പരം പൊരുൾ തന്നെയായ അറിവിനെ സംബന്ധിച്ച ഗുരുദർശനങ്ങൾ 'അറിവ് ' എന്ന കവിതയെ മുൻ നിർത്തി ഉപന്യസിക്കുക.
22. നാരായണ ഗുരുവിന്റെ കൃതികളിലൂടെയും ചിന്തകളിലൂടെയും സഞ്ചരിച്ചു കൊണ്ട് കെ. വിനോദ് ചന്ദ്രൻ നടത്തുന്ന നിരീക്ഷണങ്ങൾ നവോത്ഥാനത്തിന്റെ ഗുരുനേരങ്ങൾ എന്ന ലേഖനത്തെ ആധാരമാക്കി വിവരിക്കുക.

**(15X2=30)**